1. വന്യജീവി സംരക്ഷണ നിയമങ്ങളിലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കി വരുന്നുണ്ട്.

2. വന്യജീവി സങ്കേതങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു വയർലെസ് ശൃംഖല ഉണ്ട്. അത് കാലാകാലങ്ങളിൽ വിപുലീകരിച്ച് വരുന്നുണ്ട്.

3. ഓരോ പ്രദേശങ്ങളിലുമുള്ള സംരക്ഷണ ജീവനക്കാർക്ക് സഹായം നൽകാൻ 8 ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളുടെ കീഴിലായി ഓരോ റെയിഞ്ചോഫീസറുടെ കീഴിലുള്ള 19 ഫ്ളൈയിംഗ് സ്കാഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 7 സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റന്റ് കൺസർവേറ്റർമാരേയും നിയമിച്ചിട്ടുണ്ട്.

4. അതിർത്തി പ്രദേശങ്ങളിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡൻമാർക്കും കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും സംയുക്ത പട്രോളിംഗ് നടത്തുന്നതിനും, അങ്ങനെ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

51 (1783) കാട്ടാനശല്യം തടയാൻ നടപടി

<u>ശ്രീമതി രാധാരാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിലെ തിരുനെല്ലി പഞ്ചായത്തിൽ കാട്ടാനകൾ വ്യാപകമായി കൃഷിനാശം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രതിരോധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; എത്രദൂരം ട്രഞ്ച് കുഴിച്ചു; എത്ര സ്ഥലത്താണ് വൈദ്യുതി കമ്പിവേലി നിർമ്മിച്ചിട്ടുള്ളത്;

(സി) ഇവിടെ ഇനിയും എത്ര ദൂരം ട്രഞ്ച് കുഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; എന്ന് ഈ പ്രവൃത്തി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുനെല്ലി പഞ്ചായത്തിൽ പ്രതിരോധ നടപടികളായി എലിഫന്റ് പ്രൂഫ്ട്രഞ്ച് 56 കിലോമീറ്റർ ദൂരം എടുത്തിട്ടുണ്ട്. വൈദ്യുതി കമ്പിവേലി 7.5 കി.മീ. എടുത്തിട്ടുണ്ട്.

(സി) ഈ ഭാഗത്തിനിയും 35 കി.മീ. നീളത്തിൽ എലിഫന്റ് പ്രൂഫ് ട്രഞ്ച് കുഴിക്കേണ്ടതുണ്ട്. ഈ ജോലികൾ 100% കേന്ദ്രസഹായം ലഭിക്കുന്ന പ്രോജക്ട് എലിഫന്റിന്റെ വാർഷിക പ്രവർത്തന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജോലികൾ ചെയ്യുന്നതാണ്.

(ഡി) 62.5 ലക്ഷം രൂപ 100% കേന്ദ്രസഹായ പദ്ധതിയായ പ്രോജക്ട് എലിഫന്റ് പദ്ധതിയുടെ ഈ വർഷത്തെ വാർഷിക പ്രവർത്തന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly